പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2974

07.12.2018 -ലെ മറുപടിയ്ക്ക്

**പ്ലാന്റേഷൻ മേഖല**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്ലാന്റേഷൻ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ)തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി നിയമിച്ചിരുന്ന ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ ശുപാർശകൾ 29.06.2018-ലെ സ.ഉ (കൈ) നം. 44/2018/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ആയത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുകയും തോട്ടം ഉടമകളിൽ നിന്ന് കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുന്നതിനും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുകകൾ പൂർണ്ണമായും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ. സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വെച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു, ആയതിലേക്കായി തൊഴിൽ വകുപ്പ് സമഗ്ര സർവ്വേ നടത്തുകയും, ജില്ല തിരിച്ച് സ്വന്തമായി സ്ഥലമുള്ളവരും ഇല്ലാത്തവരുമായ ഭവന രഹിതരുടെ വിശദ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയ്ക്ക് പ്രയോജനപ്രദമായ രീതിയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. പൂട്ടിക്കിടക്കുന്ന പീരുമേട് ടീ കമ്പനിയിലെ തൊഴിലാളികൾക്ക് നിയമാനുസൃത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ നേതൃത്വത്തിൽ എസ്റ്റേറ്റുകളിൽ ക്യാമ്പുകൾ നടത്തുകയും 798 അപേക്ഷകരിൽ നിന്നായി 9,49,12,416/- രൂപയുടെ ഗ്രാറ്റുവിറ്റി ക്ലെയിമുകൾ ശേഖരിക്കുകയുണ്ടായി. പൂട്ടിക്കിടക്കുന്ന മറ്റൊരു |

| | |
|---|---|
| | തോട്ടമായ എം.എം.ജെ പ്ലാന്റേഷൻസിന്റെ വിവിധ എസ്റ്റേറ്റുകളിൽ സമാനരീതിയിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ബോണാമി എസ്റ്റേറ്റ്, കോട്ടമല എസ്റ്റേറ്റ് എന്നിവിടങ്ങളിലെ 384 അപേക്ഷകരിൽ നിന്നായി 1,99,19,618/- രൂപയുടെ ഗ്രാറ്റുവിറ്റി ക്ലെയിമുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റിൽ സംഘടിപ്പിച്ച ക്യാമ്പുകളിൽ 441 അപേക്ഷകരിൽ നിന്നായി 3 കോടി 60 ലക്ഷം രൂപയുടെ ഗ്രാറ്റുവിറ്റി ക്ലെയിമുകൾ ലഭിക്കുകയും മേൽ പ്രകാരം ലഭ്യമായ ഗ്രാറ്റുവിറ്റി ക്ലെയിമുകൾ ബന്ധപ്പെട്ട അതോറിറ്റികളുടെ പരിഗണനയിലുള്ളതുമാണ്. പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്ന പ്ലാന്റേഷൻ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഉപയുക്തമായ പ്ലാന്റേഷൻ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. തോട്ടം മേഖലയിലെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തൊഴിൽ വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക ഡയറക്ടറേറ്റിന് രൂപം നൽകുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) പ്ലാന്റേഷൻ മേഖലയിലെ ചെറുകിട തോട്ടം തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Sreelekha
**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച, ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്മേൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ചും ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ഡി)വകുപ്പ്**

സ.ഉ.(കൈ )നം. 44 /2018/തൊഴിൽ                തീയതി, തിരുവനന്തപുരം: 29/06/18

പരാമർശം: 1) 27.11.2015 -ലെ സ.ഉ.(കൈ) നം.188/2015/തൊഴിൽ

2) 18.06.2017 -ലെ സ.ഉ.(കൈ)നം. 44/2017/തൊഴിൽ

**ഉത്തരവ്**

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (1) പ്രകാരം നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി, പരാമർശം (2) പ്രകാരം രൂപീകരിച്ച കമ്മിറ്റി തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ മേൽ ശുപാർശകൾ വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന ശുപാർശകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തു.

1) കേരളത്തിൽ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

2) തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് അഞ്ച് വർഷത്തേക്ക് മരവിപ്പിക്കുന്നതിന് തീരുമാനിച്ചു.

3) എസ്റ്റേറ്റുകളിലെ നിലവിലുള്ള എല്ലാ ലയങ്ങളും കെട്ടിട നികതിയിൽ നിന്നും ഒഴിവാക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

4) നിലവിലുള്ള ഭൂനികുതി ഒഴിവാക്കണമെന്ന കമ്മീഷൻ ശുപാർശ അംഗീകരിക്കേണ്ടതില്ലെന്ന ശുപാർശ അംഗീകരിച്ചു.

5) റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുമ്പോൾ വനം വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായി ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

6) നിലവിലുള്ള വയങ്ങൾ അറ്റകറ്റപ്പണി ചെയ്ത് വാസയോഗ്യമാക്കുന്നത് അസാധ്യമായതിനാൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ്) ൽപ്പെടുത്തി തൊഴിലാളികൾക്ക് ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ഇതിനായി ആവശ്യമായി വരുന്ന ചെലവിന്റെ 50% സർക്കാരും 50% തോട്ടം ഉടമകളും വഹിക്കേണ്ടതാണ്. തോട്ടം ഉടമകളിൽ നിന്നും ഈടാക്കേണ്ടതായ 50% തുക ഏഴ് വാർഷിക ഗഡുക്കളായി ( പലിശ രഹിതം) ഈടാക്കി പദ്ധതി നടപ്പാക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിന് ആവശ്യമായ സ്ഥലം എസ്റ്റേറ്റ് ഉടമകൾ സൗജന്യമായി സർക്കാരിന് ലഭ്യമാക്കേണ്ടതാണ് എന്ന ശുപാർശയിന്മേൽ ആവശ്യമായ സ്ഥലം എസ്റ്റേറ്റ് ഉടമകൾ സർക്കാരിന്റെ പേരിൽ നൽകുകയാണെങ്കിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ്) യുടെ മാർഗ്ഗരേഖയ്ക്ക് വിധേയമായിട്ടായിരിക്കണം നിർമ്മാണം നടത്തേണ്ടതെന്ന വ്യവസ്ഥയോടെ ശുപാർശ അംഗീകരിച്ചു.

7) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ സ്കീം ബാധകമാക്കുന്ന വിഷയം തൊഴിൽ വകുപ്പിന്റെ പരിഗണനയിലാണെന്നത് അംഗീകരിച്ചു

8) തോട്ടങ്ങളുടെ പാട്ടകാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തടസ്സം നിൽക്കുന്ന കാര്യങ്ങൾ പരിശോധിച്ച് നിയമ വകുപ്പ് സെക്രട്ടറി ഒരു കുറിപ്പ് നൽകേണ്ടതാണെന്നത് അംഗീകരിച്ചു.

9) കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കിക്കൊണ്ട് നടപടി സ്വീകരിച്ചിട്ടുള്ളതാണ് എന്നത് അംഗീകരിച്ചു.

10) തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർ തന്നെ തോട്ടങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണമെന്ന കമ്മീഷന്റെ ശുപാർശ അപ്രായോഗിക മായതിനാൽ പരിഗണിക്കേണ്ടതില്ലെന്നത് അംഗീകരിച്ചു.

11) ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തന രഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണമെന്ന വിഷയത്തിൽ ആവശ്യമായ നിയമനിർമ്മാണം (Initiate proposal for legal frame work)നടത്തുന്ന കാര്യം പരിശോധിക്കേണ്ടതാണ്. റവന്യൂ വകുപ്പ് നിലവിൽ തയ്യാറാക്കിയിരിക്കുന്ന ലാന്റ് ലീസ് ആക്ടിന്റെ പരിധിയിൽ ഇക്കാര്യം കൂടി കൊണ്ടുവരുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്നത് സംബന്ധിച്ച് സർക്കാരോ തൊഴിലാളികളുടെ സഹകരണ സംഘങ്ങളോ സന്നദ്ധരായ സ്വകാര്യ കമ്പനികളോ വ്യക്തമായ മാനദണ്ഡത്തോടെ തോട്ടങ്ങൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുകയാണെങ്കിൽ തോട്ടത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തരുതെന്ന വ്യവസ്ഥയോടെ അംഗീകരിക്കുകയും ചെയ്തു.

12) തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കേണ്ടതാണെന്ന ശുപാർശ അംഗീകരിച്ചു.

13) പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്ന പരിഹാരത്തിന് സംസ്ഥാന സർക്കാരിന്റെ പ്ലാന്റേഷൻ പോളിസി തയ്യാറാക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണെന്ന ശുപാർശ പൂർണ്ണമായി അംഗീകരിച്ചു.

3) മേൽ സാഹചര്യത്തിൽ സർക്കാർ അംഗീകരിച്ച ശുപാർശകളിന്മേൽ തുടർനടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയും തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനും തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ നടപ്പിലാക്കുന്നത് സംബന്ധിച്ചും പ്ലാന്റേഷൻ പോളിസി സംബന്ധിച്ച് പ്രപ്പോസൽ ലഭ്യമാക്കുന്നതിന് ലേബർ കമ്മീഷണർക്കു നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി.

അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്
സെക്രട്ടറി, നികുതി വകുപ്പ്
സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പ്
സെക്രട്ടറി, നിയമ വകുപ്പ്
തദ്ദേശസ്വയം ഭരണ വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( കുറിപ്പ് നം. H&L-A3/237/17 തീയതി 20.06.2018 പ്രകാരം )
പൊതുഭരണ എസ്.സി വകുപ്പ് (ഇനം നം. 2273 പ്രകാരം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക് വകുപ്പ്
കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ